# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.7648 | 23-7-2012 - ൽ മറുപടിക്ക് |

**വൊക്കേഷണൽ ഹയർസെക്കന്ററി വകുപ്പിൽ ലാബ് അസിസ്റ്റന്റ് നിയമനം**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. റ്റി. വി. രാജേഷ് | | ശ്രീ. ഉമ്മൻ ചാണ്ടി<br>ബഹു. മുഖ്യമന്ത്രി |
| (എ) | പി.എസ്.സി. വൊക്കേഷണൽ ഹയർ സെക്കന്ററി വകുപ്പിൽ ലാബ് അസിസ്റ്റന്റ് തസ്തികയിൽ നടത്തിയ പരീക്ഷയിൽ എത്ര പേരുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്; ഈ ലിസ്റ്റിൽ നിന്നും എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ട്; ലിസ്റ്റിന്റെ കാലാവധി എന്നവസാനിക്കും; | (എ) | പി.എസ്.സി. വൊക്കേഷണൽ ഹയർ സെക്കന്ററി വകുപ്പിൽ ലാബ് അസിസ്റ്റന്റ് തസ്തികയിൽ നടത്തിയ പരീക്ഷയിൽ മെയിൻ ലിസ്റ്റിൽ 1052 പേരുടെയും സപ്ലി ലിസ്റ്റിൽ 2410 പേരുടെയും റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ ലിസ്റ്റിൽ നിന്നും 1009 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. ഈ ലിസ്റ്റിന്റെ കാലാവധി 9..12..2012-ൽ അവസാനിക്കും. |
| (ബി) | നിയമപ്രകാരം ഈ ലിസ്റ്റിൽ നിന്നും ഡെഫ്, ഓർത്തോ, ഭാഗികമായി അന്ധർ എന്നീ വിഭാഗത്തിൽപ്പെട്ട എത്ര പേർക്ക് നിയമനം ലഭിക്കേണ്ടതായിട്ടുണ്ട്; | (ബി) | നിയമപ്രകാരം ഈ ലിസ്റ്റിൽ നിന്നും ഡെഫ്, ഓർത്തോ, ഭാഗികമായി അന്ധർ എന്നീ വിഭാഗത്തിൽപ്പെട്ട ഏഴ് വീതം പേർക്ക് നിയമനം ലഭിക്കേണ്ടതായിട്ടുണ്ട് |

| | | | |
|---|---|---|---|
| (സി) | ഇതിൽ ഭാഗികമായി അന്ധർ വിഭാഗത്തിൽപ്പെട്ടവർക്ക് ലഭിക്കേണ്ട ഒഴിവുകൾ അവർക്ക്തന്നെ നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ? | (സി) | സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ